പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 443** 6.3.2012-ൽ മറുപടിക്ക്

## പഞ്ചായത്തുകളിലെ മാലിന്യസംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണത്തിനായി പ്ലാന്റുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

എ) പുതിയ സർക്കാർ അധികാരത്തിൽ വന്നതിനെതുടർന്നുള്ള 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 100 പഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികൾക്ക് പരിശീലനം നൽകുകയും ആയത് പ്രകാരം 80 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പദ്ധതി രേഖകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അവ പരിശോധിച്ച് സാങ്കേതിക അനുമതി നൽകിവരുന്നു.

ബി) മാലിന്യമുക്ത കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

ബി) മാലിന്യമുക്ത കേരളം പരിപാടിയിൽ താഴെ പറയുന്ന പദ്ധതികൾ നഗരസഭകളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു :-

1. **സമ്പൂർണ്ണ ശുചിത്വ യജ്ഞം:-** ഗ്രാമീണ ജനതയുടെ ജീവിത ഗുണമേന്മ മെച്ചപ്പെടുത്തുക, ജനങ്ങളുടെ ആരോഗ്യ ബോധവും നിലവാരവും ഉയർത്തുക, സ്ത്രീകളുടെ സ്വകാര്യതയും അഭിമാനബോധവും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആരംഭിച്ച പരിപാടിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം, 2005-ഓടുകൂടി എല്ലാ ജില്ലകളിലും വ്യാപരിക്കപ്പെട്ടു. 1073742 വ്യക്തിഗത കക്കൂസുകൾ

നിർമ്മിക്കാൻ ലക്ഷ്യമിട്ടതിൽ 11,18,561 കക്കൂസുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്ക്കൂളുകളിൽ 3600 ടോയ്‌ലറ്റുകൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതിൽ 3651 സ്ക്കൂൾ ടോയ്‌ലറ്റുകളും 4957 അംഗൻവാടി ടോയ്‌ലറ്റുകളിൽ 4709 അംഗൻവാടി ടോയ്‌ലറ്റുകളും പൂർത്തീകരിച്ചിട്ടുണ്ട്.

2. ഖരമാലിന്യപരിപാലനം :

5 കോർപ്പറേഷനുകളിലും, 29 മുൻസിപ്പാലിറ്റികളിലും, ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നിലവിലുണ്ട്. മറ്റു നഗരസഭകൾക്കും ഭാഗികസാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പ്ലാന്റുകളിലുള്ള പോരായ്മകൾ പരിഹരിച്ച് അവയെ പരിസ്ഥിതി സൗഹൃദമാക്കാനും പ്ലാന്റുകൾ നിലവില്ലാത്ത നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുവാനും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്. ഇതിനായി വാർഷിക പദ്ധതിയിൽ നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പുനരുദ്ധരിക്കുന്നതിനും കാലാകാലങ്ങളിലായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശാസ്ത്രീയമായി മറവ് ചെയ്യുന്നതിനും പരിസ്ഥിതി പരിപാലന സംവിധാനം നടപ്പിലാക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക അംഗീകാരവും ലഭ്യമാക്കി വരുന്നു.

കൂടാതെ മാലിന്യമുക്തകേരളം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ഖരദ്രവമാലിന്യ സംസ്കരണത്തിനായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 225 നഗരസ്വഭാവമുള്ള പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയുണ്ടായി. നാളിതുവരെ 146 ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തുകൾക്ക് സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തികസഹായവും നൽകി പ്ലാന്റുകൾക്ക് രൂപം നൽകിയിട്ടു്. 11 ഖരദ്രവമാലിന്യ പ്ലാന്റുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്ലാന്റുക

ളുടെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് പ്ലാന്റുകൾ നിലവിലില്ലാത്ത 100 നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിൽ ഈ വർഷം തന്നെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പരിപാടി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നടപടി എടുത്തുവരുന്നു.

നിലവിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ പുനരുദ്ധരിക്കുന്നതിനും കാലാകാലങ്ങളിലായി മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശാസ്ത്രീയമായി മറവ് ചെയ്യുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക അംഗീകാരവും ശുചിത്വ മിഷൻ വഴി ലഭ്യമാക്കി വരുന്നു.

3. **സിറ്റി സാനിട്ടേഷൻ പ്ലാൻ :**

നാഷണൽ അർബൻ സാനിട്ടേഷൻ പോളിസിയുടെ ഭാഗമായിട്ടാണ് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നത്. നഗരങ്ങളിൽ ശുചിത്വവും ആരോഗ്യകരവുമായ ജീവിതം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി നഗരങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ നഗര സഭകളും നഗര ശുചിത്വ കർമ്മപരിപാടി രൂപീകരിക്കുന്നു. തുടർന്ന് ശുചിത്വസൗകര്യങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കും. ഇതിനായി 20 നഗര സഭകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്ളാൻ തയ്യാറാക്കൽ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

4. **ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ സ്കീം (ഐ.എൽ.സി.എസ്) :** നഗരങ്ങളിലെ ശുചിത്വവും, പൊതുജനാരോഗ്യവും പരിപാലിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2008 ൽ കേന്ദ്രസർക്കാർ നടപ്പിലാക്കുവാൻ തീരുമാനിച്ച പദ്ധതിയാണ് ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിട്ടേഷൻ സ്കീം (ഐ.എൽ.സി.എസ്). വെളിമ്പ്രദേശത്തെ മലവിസർജ്ജനം ഒഴിവാക്കൽ, വ്യക്തിഗത കക്കൂസുകളുടെ

നിർമ്മാണം എന്നിവയാണ് ലക്ഷ്യം. പെരിന്തൽമണ്ണ, ഒറ്റപ്പാലം, മൂവാറ്റുപുഴ, നോർത്ത് പറവൂർ, ഷൊർണ്ണൂർ, കൊയിലാണ്ടി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ മുൻസിപ്പാലിറ്റികളിലാണ് ഇത് നടന്നു വരുന്നത്.

5. വനിതാ **വിശ്രമസമുച്ചയം** : സംസ്ഥാനത്തെ നഗരസഭകളിൽ റയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, വിനോദകേന്ദ്രങ്ങൾ, ആരാധനാ കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായി വനിതാവിശ്രമസമുച്ചയം ഒരുക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വനിതകൾക്ക് രാത്രി കാലങ്ങളിലും ഉപയോഗിക്കാൻ കഴിയുന്ന വിധം സൗകര്യപ്രദവും സുരക്ഷിതവുമായ സ്ഥലം സമുച്ചയ നിർവ്വഹണത്തിനായി മുൻസിപ്പാലിറ്റി /കോർപ്പറേഷൻ കണ്ടെത്തേണ്ടതാണ്. യൂണിറ്റ് കോസ്റ്റ് 12.5 ലക്ഷം രൂപയാണ്. 50% തുകയായ 6.25 ലക്ഷം രൂപ സംസ്ഥാന വിഹിതമായി ലഭിക്കും.

**6.ഗേൾഫ്രണ്ട്ലി/ബേബിഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം:** പെൺകുട്ടികൾ പഠിക്കുന്ന നഗര പ്രദേശത്തെ സർക്കാർ സ്കൂളുകളിൽ ഗേൾഫ്രണ്ട്ലി ടോയ്ലറ്റുകളും അങ്കണവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റും നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണിത്. ഗേൾഫ്രണ്ട്ലി ടോയ്ലറ്റുകൾക്ക് 55,000 രൂപയും ബേബിഫ്രണ്ട്ലി ടോയ്ലറ്റുകൾക്ക് 12,000 രൂപയുമാണ് എസ്റ്റിമേറ്റ് തുക. ആയതിന്റെ 50% വരുന്ന തുക സംസ്ഥാന വിഹിതമായി ലഭിക്കും.

7. **വഴിയോര ശുചിത്വ സമുച്ചയം** : നഗരസഭകളിലെ പ്രധാന റോഡുകളോട് ചേർന്ന് ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനായി നഗരസഭകൾക്ക് യൂണിറ്റ് കോസ്റ്റിന്റെ 50% വരെ സംസ്ഥാന വിഹിതമായി ലഭിക്കും. നടപ്പു സാമ്പത്തിക വർഷം യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായി കണക്കാക്കിയിട്ടുണ്ട്.

സി) ഓരോ പഞ്ചായത്തിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ആണ് സർക്കാർ ഒരുക്കി കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

നിലവിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പുനരുദ്ധീകരണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നതിനോടൊപ്പം പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കൽ. സൈഡ് നെറ്റ്, യന്ത്രവൽക്കരണം, ലീച്ചേറ്റ് സംവിധാനം, ബയോഗ്യാസ് പ്ലാന്റ്, തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന ഘടകങ്ങളും മതിപ്പ് ചെലവും പ്രവർത്തി പരിപാലനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ഉൾപ്പെടുത്തിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 13.02.2008ൽ സർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. ആയത് 01.03.2011 ൽ പുതുക്കി നൽകിയിട്ടുണ്ട്. കേരളത്തിന് അനുയോജ്യമായ നവീന സാങ്കേതിക വിദ്യകൾ തെരഞ്ഞെടുക്കാനും അവ ലഭ്യമാക്കാനുമുള്ള ഏജൻസികളെ തെരഞ്ഞെടുത്ത് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നവീന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മാതൃകാ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടികളും എടുത്തുവരുന്നു.

സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേക്കായി ആവശ്യമായ പ്രോജക്ട് തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷനിൽ നിന്ന് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ